Mr. President : The question is that Government be granted the additional sums of Rs. 6,630 under "16—1—Huzur Secretariat-Temporary Establishment", of Rs. 604 under "Duty Allowance", of Rs. 10,428 under "Dearness Allowance" and of Rs. 475 under "Liveries and clothing" under the same head.

(Demands put and carried)

11. "20—Police—(2) Fire Brigade—other charges"

Rao Sahib A. Madhava Prabhu (*Chief Secretary to Government*) : Sir, I move for an additional amount of Rs. 94,000 under "20—Police—(2) Fire Brigade—other charges".

The reasons are given in the printed notes. I request that the amount may be sanctioned.

Mr. President : The question is that the Government be granted an additional sum of Rs. 94,000 under "20—Police (2) Fire Brigade—other charges".

(Demand put and carried)

റാവുസാഹിബ് കെ. അയ്യപ്പൻ: ചിറയ്ക്കും തത്തമംഗലവും മുനിസിപ്പാലിറ്റികൾ അമാൽഗമേറ്റ ചെയ്തതിനെ സംബന്ധിച്ച നോട്ടിഫിക്കേഷൻ മേശപ്പുറത്തു വെച്ചിട്ടുണ്ട്.

4. VOTING OF DEMANDS FOR GRANTS—*(cont.)*

42. MISCELLANEOUS

Cut motion—Mr. K. S. Panicker The unfainess exhibited by Government in entrusting the Fair Price Shops to Co-operative Societies *(cont.)*

Mr. President: We will now continue the demand for grants for the food items. Is there any Hon'ble Member who desires to speak?

Choudhury G. S. Dhara Singh (*Mattancheri*): Cut motions on miscellaneous will be discussed ?

Mr. President: Yes; Mr. Panicker was replying. Now, he will continue his speech.

Cut motion No. 4 *(cont.)*

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്റെ ഖണ്ഡനോപക്ഷേപത്തിൽ വ്യക്തികളെ ലൈസൻസ്സുപീടികകൾ ഏല്പിക്കേണ്ടതാണെന്നു പറഞ്ഞിട്ടുണ്ടെങ്കിലും, പരസ്പരസഹായസംഘങ്ങൾക്കാണ് അതിനു മുൻഗണന നൽകേണ്ടതെന്ന അഭിപ്രായത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. അതിലും പ്രത്യേകിച്ചു കൺസ്യൂമേഴ്സ് കോ-ഓപ്പറേറ്റിവു് സൊസൈറ്റിക്കായിരുന്നാൽ വളരെ നന്നായിരിക്കുമെന്നു് ബഹുമാനപ്പെട്ട ഇപ്പുണിത്തുറ മെമ്പർ പറഞ്ഞതിനോടു് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. എന്നാൽ അങ്ങിനെയല്ലാതെ ഓരോ വ്യക്തിക്കും കൊടുക്കുന്ന കാര്യമാണു് ഞാൻ ഇന്നലെ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തിൽ പറഞ്ഞിട്ടുള്ളതു്. മലയാറൂരിൽ ഒരു ഇഴവ കോ-ഓപ്പറേറ്റിവു് സൊസൈറ്റിക്കാവശ്യപ്പെട്ടപ്പോൾ, ഒരു സമുദായത്തിനു മാത്രമായി സൊസൈറ്റി റജിസ്റ്റു് ചെയ്തുകൊടുക്കുകയില്ലായെന്നു പറഞ്ഞ ഗവൺമെൻറു്, മണലൂരിൽ ഒരു പ്രമാണപ്പെട്ട വീട്ടുകാക്കു് ഒരു സൊസൈറ്റി പ്രത്യേകം റജിസ്റ്റുചെയ്തുകൊടുത്തു. ഹുജൂർ കച്ചേരിയിലെ ഒരു വലിയ കുസ്തിയ ഉദ്യോഗസ്ഥൻ ഫോണിൽ വിളിച്ചുപറഞ്ഞ കല്പനപ്രകാരമാണു് അതു് റജിസ്റ്റുചെയ്തതു് എന്നാണറിയുന്നതു്. അവർ ഒരു ലൈസൻസ്സുപീടിക ആവശ്യപ്പെട്ടപ്പോൾ, മാനമര്യാദയോടുകൂടി നടത്തിയിരുന്ന ഒരു ലൈസൻസ്സുപീടികക്കാരന്റെ ലൈസൻസ്സു് കാൻസൽ ചെയ്തു് അവർക്കു കൊടുക്കുകയുണ്ടായി. അതിനെപ്പറ്റി പരസ്യമായ ഒരന്വേഷണം നടത്തണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയോടാവശ്യപ്പെട്ടിട്ടും അതുപ്രകാരം പ്രവർത്തിക്കാതിരുന്നതിൽ പ്രതിഷേധിക്കാതിരിക്കാൻ നിവർത്തിയില്ല. ബഹുമാനപ്പെട്ട മിനിസ്റ്ററുടെ അടുക്കലേക്കു പലപ്പോഴും വക്കാലത്തു് എടുക്കാറുള്ള ഒരു വക്കീൽ എന്റെ അഭിപ്രായത്തോടു് യോജിക്കാതെ വല്ലതും പറയുന്നുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. അതിന്റെ രഹസ്യം പരസ്യമാണു്. കടുങ്ങമംഗലത്തു്, ൯൦൦ കാർഡുകൾവീതം കൊടുത്തിട്ടുള്ള രണ്ടു ഷാപ്പുകൾ മാത്രമുള്ളതുകൊണ്ടു് ജനങ്ങൾക്കു് വളരെ ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു് വേറൊരു ഷാപ്പുകൂടി സ്ഥാപിക്കേണമെന്നു കാർഡ ഹോൾഡർമാർ ഒരു ഹർജി കൊടുത്തതായി അറിഞ്ഞപ്പോൾ അതിനു തനിക്കു ലൈസൻസ്സു് കൊടുക്കണമെന്നു കച്ചവടക്കാരായ ഒരു ഇഴവൻ അപേക്ഷ കൊടുത്തു. പക്ഷെ, അതനുവദിച്ചില്ല. ഇഴവനു് ഷാപ്പു കിട്ടിയോ ഇല്ലയോ എന്നുള്ളതല്ലാ എന്റെ വാദം. ഇഴവൻ അരി കൊടുത്താലും പുലയൻ അരി കൊടുത്താലും നമ്പൂതിരി അരി കൊടുത്താ

LIBRARY ARCHIVES Kerala Legislative Assembly